**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 925** **09-10-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ നഗരവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ നിയോജക മണ്ഡലത്തിൽ ചെറു വനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതിപ്രകാരം എവിടെയെല്ലാമാണ് നഗരവനങ്ങൾ സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ചെറുവനങ്ങൾ സൃഷ്ടിക്കുന്ന പദ്ധതി പ്രകാരം ആലപ്പുഴ നിയോജക മണ്ഡലത്തിൽ നഗരവനങ്ങൾ സൃഷ്ടിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഏതെല്ലാം വൃക്ഷതൈകളാണ് നട്ടുപിടിപ്പിക്കുന്നതെന്നും അവയുടെ പരിപാലന ചുമതല ആർക്കാണെന്നും വിശദവിവരം നൽകുമോ? | (ബി) | നഗരവനം പദ്ധതി പ്രകാരം ചന്ദനം, ചമത, മുന്തിരി, നീർമരുത്, നന്ത്യാർവട്ടം, അയ്യപ്പാന, ചാമ്പ, പന, പ്ലാവ്, കറിനാരകം, നെല്ലി, മാതളം, ഇലഞ്ഞി, ഞാവൽ, ഈന്ത്, കമ്പകം, മൂട്ടിപ്പഴം, പാല, പനിനീർ ചാമ്പ, കടപ്ലാവ്, മുള്ളാത്ത, ജാതി, അടയ്ക്കാപൈൻ, മഞ്ഞമന്ദാരം, അങ്കോലം, മരച്ചാമ്പ, ചോരപ്പാലി, സർപ്പഗന്ധി, ചന്ദനവേപ്പ്, രാജമല്ലി, മരോട്ടി, ഒട്ടുക്, കുന്നി, പവിഴത്തൊണ്ടി, നാഗലിംഗം, പൂച്ചകടമ്പ്, പുത്രൻജീവ, കറുവ, ആറ്റുചാമ്പ, വെടിപ്ലാവ്, പാലകപ്പയാനി, ശതാവരി, കുണ്ടളപ്പാല, കുളമാവ്, നെടുനാര്, വെള്ളകിൽ, താന്നി, നെല്ലി, അശോകം, പൊരിപൂവം, വെങ്കോട്ട, സോപ്പ്മരം, എടന, ബെഡ്ചെറി, അത്തി, ഒടിച്ചുകുത്തി, പൂച്ചുതുള്ളി, അണലിവേഗം, മൈലാഞ്ചി, ആവണക്ക്, കൊട്ടവേലി, പഴതാരവല്ലി, കൽമാണിക്കം, പാരിജാതം, മഞ്ചാടി, കാട്ടിഞാവൽ, മരുതി, കരുമരം, വാതംകൊല്ലി, പവിഴമല്ല, ആടലോടകം, റമ്പൂട്ടാൻ, മാവ്, വേങ്ങ, അരിനെല്ലി, കുടംപുളി, ഈയൊലി, പൂവം, വഞ്ചി, പേര, വെറുങ്ങ്, ആഞ്ഞിലി, കൽമാണിക്യം, ഫിലോസാൻ, കടുക്ക, രക്തചന്ദനം, വയണ, കാപ്പി, ആര്യവേപ്പ്, ചെമ്പോട്ടി, നാരകം, ചെമ്പകം, സീതപ്പഴം, വെട്ടി, കടമ്പ്, വെൺതേക്ക്, ചതുരമുല്ല, ഇടംപിരി, കണിക്കൊന്ന, സ്റ്റാർ ആപ്പിൾ എന്നീ ഇനത്തിൽപ്പെട്ട തൈകളാണ് വച്ചു പിടിപ്പിക്കുന്നത്. ഇപ്രകാരം സൃഷ്ടിക്കുന്ന നഗരവനങ്ങളുടെ തുടർ പരിപാലനം നടത്തേണ്ടത് ബന്ധപ്പെട്ട സ്ഥാപനങ്ങൾ/വകുപ്പുകൾ ആണ്. ആയതിനായി മൈക്രോ ഇറിഗേഷൻ ഫെൻസിംഗും ഉൾപ്പടെയാണ് നഗരവനം സൃഷ്ടിക്കുന്നത്. |

സെക്ഷൻ ഓഫീസർ